(എ) ലക്ചറർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ കാറ്റഗറികളിൽപ്പെട്ട ഡോക്ടർമാരെയാണ് മെഡിക്കൽ കോളേജിലെ കാഷ്വാലിറ്റികളിൽ ഇപ്പോൾ ഡ്യൂട്ടിക്ക് നിയമിക്കുന്നത്.

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാഷ്വാലിറ്റികളിൽ സീനിയർ ഡോക്ടർമാരുടെ സേവനം അത്യാവശ്യ സന്ദർഭങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.

(സി) അസിസ്റ്റന്റ് പ്രൊഫസർമാരെയും കാഷ്വാലിറ്റി ഡ്യൂട്ടിക്ക് നിയോഗിക്കുന്നുണ്ട്.

(ഡി) മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാഷ്വാലിറ്റിയിൽ എത്തുന്ന രോഗികൾക്ക് പരിശോധനയും അവശ്യംവേണ്ട മരുന്നുകളും സൗജന്യമായി ലഭ്യമാണ്.

## ക്ഷയരോഗം നിയന്ത്രിക്കാൻ നടപടി

10 (*310)പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷയരോഗം നിയന്ത്രിക്കാൻ സംസ്ഥാനത്ത് എന്തെല്ലാം പരിപാടികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ക്ഷയരോഗം ബാധിച്ച് എത്രപേരുണ്ടെന്നും അവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ക്ഷയരോഗ നിയന്ത്രണ പരിപാടികൾക്ക് കേന്ദ്രത്തിൽനിന്ന് എന്തെല്ലാം സഹായങ്ങൾ ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി 1962 മുതൽ നടപ്പാക്കിവരുന്നു. ഇതിൻമേലുള്ള പോരായ്മകൾ പരിഹരിച്ച് 1998 ഒക്ടോബർ മാസം മുതൽ പരിഷ്ക്കരിച്ച ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (റിവൈസ്ഡ് നാഷണൽ ടി.ബി.കൺട്രോൾ പ്രോഗ്രാം) കേരളത്തിലെ ഏഴുജില്ലകളിൽ നടപ്പാക്കിവരുന്നു. പുതിയ പരിപാടിയനുസരിച്ച് രോഗി മരുന്നു കഴിക്കുന്നത് പ്രവർത്തകന്റെ (ഡി.ഒ.റ്റി. പ്രൊവൈഡർ) നിരീക്ഷണത്തിൻ കീഴിലാണ്. ചികിത്സാ കാലാവധി 6 മാസമായി ചുരുക്കിയിട്ടുണ്ട് (ഷോർട്ട് കോഴ്സ്) ഡി.ഒ.ടി.എസ്. (Directly Obsorved Treatment Short Course) എന്നറിയപ്പെടുന്നു. രോഗിയുടെ വീടിനടുത്ത് ഡി.ഒ.ടി. പ്രൊവൈഡർ ആയി ഒരാളെ നിയോഗിക്കുന്നു. ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ വച്ച് രോഗനിർണ്ണയം നടത്തുന്നു. 6 മാസത്തെ ചികിത്സയ്ക്ക് ആവശ്യമായ മരുന്ന് ഡി.ഒ.ടി പ്രൊവൈഡർ വശം ആദ്യം സൂക്ഷിച്ചുവയ്ക്കുന്നു. മരുന്നിന്റെ ലഭ്യത ഉറപ്പാക്കാനാണിത്.

(ബി) 50,000-ത്തിലധികം ക്ഷയരോഗം ബാധിച്ചവരുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇവർക്ക് രോഗനിർണ്ണയവും ചികിത്സയും സൗജന്യമായി



LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതോടൊപ്പം ചികിത്സാകാലയളവിൽ മാസംപ്രതി 50 രൂപ വീതം സാമ്പത്തികസഹായവും നൽകുന്നു.

(സി) കേരളത്തിലെ പകുതി ജില്ലകൾക്ക് 50 ശതമാനം കേന്ദ്രാവിഷ്കൃതമായും ബാക്കിയുള്ളവയ്ക്ക് 100 ശതമാനം കേന്ദ്രാവിഷ്കൃതമായും സഹായം കിട്ടുന്നുണ്ട്. ചികിത്സയ്ക്ക് ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ, വാഹനം എന്നിവ ലഭിക്കുന്നത് 50 ശതമാനം കേന്ദ്രാവിഷ്കൃതവും ജീവനക്കാരുടെ ശമ്പളം, ബത്തകൾ, മരുന്ന്, ഉപകരണങ്ങൾ, വാഹനം, കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ എന്നിവയ്ക്കാവശ്യമായ പണം ക്ഷയരോഗനിയന്ത്രണ സൊസൈറ്റികൾ വഴി നൽകുന്നത് 100 ശതമാനം കേന്ദ്രാവിഷ്കൃതമായാണ്. കൂടാതെ ക്ഷയരോഗത്തെപ്പറ്റിയുള്ള പഠനങ്ങൾക്കും പരിശീലനങ്ങൾക്കും ആവശ്യമായ പണവും നൽകുന്നുണ്ട്. സന്നദ്ധസംഘടനകളുടേയും പൊതുപ്രവർത്തകരുടേയും സഹകരണത്തോടെ ഇത് നടപ്പാക്കിവരുന്നു. ഈ വർഷം പുതുക്കിയ ക്ഷയരോഗ ചികിത്സാപദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിക്കുന്നതോടെ കേരളത്തിലെ ക്ഷയരോഗ ചികിത്സയ്ക്കുള്ള മുഴുവൻ മരുന്നിന്റേയും തുക കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്നതാണ്.

## പത്രപ്രവർത്തക ആരോഗ്യ പരിരക്ഷാ പദ്ധതി

11 (*311)ശ്രീ. പി. രാഘവൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി.ടി. കുഞ്ഞി മുഹമ്മദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പത്രപ്രവർത്തകരുടേയും പത്രജീവനക്കാരുടേയും വേതനപരിഷ്ക്കരണം സംബന്ധിച്ച ജസ്റ്റീസ് മാനിസാനവേജ് ബോർഡ് ശുപാർശകളിൻമേൽ കേന്ദ്രസർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടതായി അറിവുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പത്രപ്രവർത്തക ആരോഗ്യ പരിരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പത്രപ്രവർത്തകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യപരിരക്ഷാ പദ്ധതിയിൽ പത്രപ്രവർത്തകന്റെ കുടുംബത്തിലെ ആരൊക്കെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ആരോഗ്യപരിരക്ഷാ പദ്ധതി പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്തെ പത്രപ്രവർത്തനങ്ങൾക്ക് നൽകിവരുന്ന പെൻഷൻ കാലോചിതമായി പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് പത്രപ്രവർത്തകർക്ക് ഭവനനിർമ്മാണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ:

LIBRARY ARCHIVES Kerala Legislative Assembly